


# 'കുടുംബശ്രീ ഉത്സവ്'

ഞങ്ങളുടെ സംരംഭകരുടെ വിവിധ ഉത്പന്നങ്ങൾ നിങ്ങളിലേക്കെത്തിക്കുന്നതിനായുള്ള കുടുംശ്രീയുടെ സ്വന്തം ഓണ്ലൈൻ വിപണന പോർട്ടലായ www.kudumbashreebazaar.com ലൂടെ വൻ വിലക്കുറവിലും ലാഭത്തിലും ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ സ്വന്തമാക്കാം. കുടുംബ ശ്രീ ഉത്സവ് എന്ന പേരിൽ മികച്ച ഓഫറുകളോടെയുള്ള വിപണനമേള ഈ ഓണ്ലൈൻ പോർട്ടലിലൂടെ ഞങ്ങൾ അവതരിപ്പിക്കുകയാണ്. 350 ഓളം സംരംഭകരുടെ 1020 ഓളം ഉത്പന്നങ്ങളാണ് പോർട്ടലിലൂടെ വാങ്ങാനാകുന്നത്. നവംബർ 4 മുതൽ 19 വരെ നീണ്ടു നിൽക്കുന്ന കുടുംബ ശ്രീ ഉത്സവ് വിപണന മേളയുടെ പ്രധാന ആകർഷണങ്ങൾ താഴെ നൽകുന്നു.

1. സൗജന്യ ഡെലിവറി- 200 രൂപയ്ക്ക് മുകളിൽ ഉത്പന്നങ്ങൾ വാങ്ങുന്നവർക്ക് ഇന്ത്യയിലെവിടെയും ഉത്പന്നങ്ങൾ ഡെലിവറി ചാർജ്ജില്ലാതെ എത്തിച്ച് നൽകും. പോസ്റ്റൽ വകുപ്പുമായി ചേർന്നാണ് ഇങ്ങനെയൊരു സൗകര്യം ഒരുക്കുന്നത്.

2. 600ലേറെ ഉത്പന്നങ്ങൾക്ക് 40% വരെ ഡിസ്കൗണ്ട്
3. 1000 രൂപയ്ക്ക് മുകളിൽ വാങ്ങിയാൽ 10% അധിക ഡിസ്കൗണ്ട്. 3000 രൂപയ്ക്ക് മുകളിൽ വാങ്ങുന്നവർക്കും പ്രത്യേക ഡിസ്കൗണ്ട്.
4. സംരംഭകർ നേരിട്ട് നൽകുന്ന പ്രത്യേക ഡിസ്കൗണ്ട്.
5. ആദ്യം ഉത്പന്നങ്ങൾ വാങ്ങുന്ന 100 പേർക്ക് 10% അധിക ഡിസ്കൗണ്ട്. ആദ്യ 200 പേർക്ക് 5% ഡിസ്കൗണ്ടും.

ക്യാമ്പെയ്ന്റെ ഔദ്യോഗിക ഉദ്ഘാടനം നവംബർ നാലിന് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീൻ നിര്വഹിക്കും. കരകൗശവസ്തുക്കൾ, അച്ചാർ, വിവിധ ഇനം ചിപ്സ്, തവ ഉൾപ്പെടെയുള്ള അടുക്കള ഉപകരണങ്ങൾ എന്നിവയെല്ലാം കുടുംബശ്രീ ബസാറിലൂടെ ലഭ്യമാണ്. ഈ കുടുംബ ശ്രീ ഉത്സവം ഓണ്ലൈൻ വിപണനമേള വൻ വിജയമാക്കിത്തീർക്കാൻ ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.